# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1985 10.10.2011 -ൽ മറുപടിക്ക്**

## എലിപ്പനി ബാധിതർക്കുള്ള ധനസഹായം

| ചോദ്യം<br><br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ): | | ഉത്തരം<br><br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ എലിപ്പനി ബാധിച്ച് അടുത്തിടെ എത്ര പേർ മരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ എലിപ്പനി മൂലം ഈ വർഷം 9 (ഒൻപത്) പേർ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പനി പടരുന്നത് തടയുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ജില്ലാ തലങ്ങളിൽ വിവിധ വകുപ്പുകളുടെയും ആരോഗ്യ പ്രവർത്തകരുടെയും ജനനേതാക്കളുടെയും ഒരു സംയുക്ത യോഗം കൂടുകയും ഇതിന്റെ അടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജ്ജനം, കൊതുകു കൂത്താടി ഉറവിട നശീകരണം , ഓട വൃത്തിയാക്കൽ , ആരോഗ്യ ബോധവൽക്കരണം എന്നിവ മിക്ക സ്ഥലങ്ങളിലും നടന്നു വരുന്നു. ഇതിനോടൊപ്പം രോഗമുള്ളവരെ തുടക്കത്തിലെ കണ്ട് പിടിക്കുന്നതിനും ആവശ്യമായ ചികിത്സ നൽകുന്നതിനും വേണ്ട സംവിധാനങ്ങൾ എല്ലാ കേന്ദ്രങ്ങളിലും ഏർപ്പെടുത്തി.<br>പകർച്ചവ്യാധി റിപ്പോർട്ടുചെയ്ത പ്രദേശങ്ങളിൽ 'ആശ' പ്രവർത്തകർ വീടുകൾ കയറി ഇറങ്ങി ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തി. ആരോഗ്യ സ്ഥാപനങ്ങളിൽ മരുന്നിന്റെ ലഭ്യത ഉറപ്പ് വരുത്തി. കൂടാതെ സ്വകാര്യ ആശുപത്രികളുടേയും , സ്വകാര്യ ലബോറട്ടറികളുടേയും പ്രവർത്തനം രോഗ നിയന്ത്രണ പ്രവർത്തനത്തിലേയ്ക്ക് ഏകോപിപ്പിച്ചു.<br>20.09.2011ന് ആരോഗ്യ വകുപ്പിന്റെ പ്രതിനിധിയായി സ്റ്റേറ്റ് എപ്പിഡമിയോളജിസ്റ്റ് ജില്ല സന്ദർശിക്കുകയും എലിപ്പനി മരണങ്ങൾ റിപ്പോർട്ട് ചെയ്ത പി.എച്ച്.സി.കളിലെ |

| | | | |
|---|---|---|---|
| | | | മെഡിക്കൽ ആഫീസർമാരുടെയും, സൂപ്പർ വൈസർമാരുടെയും യോഗം വിളിച്ച് ചേർത്ത് നടപടികൾക്കുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി.<br>എലിപ്പനി രോഗനിർണ്ണയത്തിനുള്ള രോഗ നിർണ്ണയ കിറ്റുകൾ ജില്ലാ ആശുപത്രിയിലും ജനറൽ ആശുപത്രിയിലും കാർഡ് ടെസ്റ്റുകൾ പ്രധാനപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാക്കി. എലിപ്പനി രോഗപ്രതിരോധത്തിനുള്ള "ഡോക്സി സൈക്ളിൻ" ഗുളിക എല്ലാ ആശുപത്രികളിലും ലഭ്യമാക്കി. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മൈക്ക് പ്രചാരണം, പ്രാദേശിക ടി വി ചാനലുകൾ വഴിയുള്ള പ്രചാരണം, ബിറ്റ് നോട്ടീസ് വിതരണം,സ്കൂൾ അസംബ്ളി വഴിയുള്ള പ്രവർത്തനങ്ങൾ, പത്ര സമ്മേളനങ്ങൾ തുടങ്ങിയവ ഊർജ്ജിതപ്പെടുത്തി. ഒക്ടോബർ 2 മുതൽ നവംബർ 3 വരെ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ കാസർഗോഡ് ജില്ല മുതൽ തിരുവനന്തപുരം വരെ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തി പ്പെടുത്തുന്നതിനുള്ള ആരോഗ്യസന്ദേശ യാത്ര നടത്തിവരികയാണ്. |
| (സി) | എലിപ്പനി ബാധിച്ചവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ; | (സി) & (ഡി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (ഡി) | എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ